(ബി) നിയമനം നിർത്തിവയ്ക്കുവാനുള്ള ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശിപാർശയ്ക്കുള്ള അപേക്ഷ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിവരുന്നുണ്ട്.

(സി &ഡി) 70 തസ്തിക സൃഷ്ടിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് ബ്രാഞ്ചുമാനേജർ നിയമനം

55 (3563) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ബ്രാഞ്ച് മാനേജർ തസ്തികകളിൽ കാറ്റഗറി നമ്പർ 433/2009, കാറ്റഗറി നമ്പർ 434/2009 എന്നിവ പ്രകാരം പി.എസ്.സി. വെരിഫിക്കേഷൻ അനുസരിച്ചുള്ള പരീക്ഷയും ഇന്റർവ്യൂവും നടത്തിയത് ഏതെല്ലാം ദിവസങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അതിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഒഴിവുകൾ റാങ്ക്‌ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ചുമാനേജർ (Cat No.433/2009,434/2009) തസ്തികയുടെ OMR പരീക്ഷ നടന്നത് 29-9-2012 ന് ആണ്. ടി തസ്തികയുടെ ഇന്റർവ്യൂ 8-10-2014, 9-10-2014, 10-10-2014, 15-10-2014, 16-10-2014, 17-10-2014, 23-10-2014, 24-10-2014, 29-10-2014, 30-10-2014 എന്നീ തീയതികളിൽ ആണ് നടന്നത്.

(ബി & സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ചുമാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ തസ്തികയിൽ നിന്നും നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ടി തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു.സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തതിനെത്തുടർന്ന് 31 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഇടക്കാല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിലൂടെ ആവശ്യപ്പെട്ടിരുന്നു. ടി തസ്തികയുടെ നിയമനം ജില്ലാടിസ്ഥാനത്തിൽ ആയതിനാലും മേൽപ്പറഞ്ഞ ഒഴിവുകൾ ഏതൊക്കെ ജില്ലകളിൽ എത്രവീതമാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിൽ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലുമാണ് നിയമന ശിപാർശ നൽകാൻ കഴിയാത്തത്. ഇത് സംബന്ധിച്ച വ്യക്തതയ്ക്കായി പി.എസ്.സി. ബഹു. സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ടി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന ശിപാർശ നടപടികൾ ആരംഭിക്കുന്നതാണ്.

വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ്

56 (3564) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും നിയമനം ഏതുവരെയായി എന്ന് അറിയിക്കുമോ ;

(ബി) വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേലധികാരികൾക്ക് സർക്കാർ കത്ത് നൽകുകയുണ്ടായോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എല്ലാ വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളാണ് വീഴ്ചവരുത്തിയതെന്നും വീഴ്ചവരുത്തിയ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) 2016 മാർച്ച് 30 ആകുമ്പോഴേക്കും എത്ര പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും 26-11-2015 വരെ 73 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2016 കലണ്ടർ വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് പ്രത്യേകമായി സർക്കാർ കത്ത് നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly